2. യാത്രാക്കാരോടുള്ള ബസ് ജീവനക്കാരുടെ മോശമായ പെരുമാറ്റത്തിനെതിരെ കൈക്കൊള്ളാവുന്ന ശിക്ഷാ നടപടികളെക്കുറിച്ച് യാത്രക്കാരേയും ബസ് ജീവനക്കാരേയും ബോധവാന്മാരാക്കുന്നതിന് ഒരു പത്രക്കുറിപ്പ് നൽകിയിട്ടുണ്ട്.

3. മേൽപ്പറഞ്ഞ കുറ്റങ്ങൾക്ക് എഫ്.ഐ.ആർ. തയ്യാറാക്കുന്നതിന് എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടൻമാർക്കും സിറ്റി പോലീസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

4. കണ്ടക്ടർമാർ, കിളികൾ എന്നിവരുടെ സ്ത്രീകൾക്കും കുട്ടികൾക്കും നേർക്കുള്ള മോശമായ പെരുമാറ്റം, വിദ്യാർത്ഥിനികൾക്ക് കയറുന്നതിന് ബസ് നിറുത്തി കൊടുക്കാതിരിക്കുക തുടങ്ങിയ പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിൽ, കഴിഞ്ഞ ഒരു വർഷക്കാലം ലഭിച്ച പരാതികളുടെ എണ്ണത്തെ കുറിച്ചുള്ള കണക്ക് സർക്കാരിന് സമർപ്പിക്കുവാൻ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. വികലാംഗ യാത്രക്കാർ നൽകുന്ന തിരിച്ചറിയൽ കാർഡ് (കൺസഷനുവേണ്ടി) പരിഗണിക്കാതിരിക്കുന്ന കണ്ടക്ടർമാർക്കെതിരെ നടപടി സ്വീകരിക്കുവാൻ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് ;

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ഉണ്ട്. മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന ശിക്ഷണ നടപടികളായ പെർമിറ്റ് റദ്ദു ചെയ്യൽ, ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യൽ, പിഴ ഈടാക്കൽ തുടങ്ങിയ ശിക്ഷണ നടപടികൾ കൈക്കൊണ്ടുവരുന്നു.

കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ നിർത്തലാക്കിയത് മൂലമുള്ള ബുദ്ധിമുട്ടുകൾ

3 (*270) ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ലോക്കൽ ഷെഡ്യൂളുകളും ചെയിൻ സർവ്വീസുകളും നിർത്തലാക്കുന്നതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെ.എസ്.ആർ.ടി.സി യുടെ പ്രതിദിന കളക്ഷൻ ട്രഷറിയിൽ അടയ്ക്കുകയും ഡീസൽ വാങ്ങുന്നതിനുള്ള പണം ട്രഷറി നിയന്ത്രണംമൂലം ലഭ്യമല്ലാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം മൂലമാണ് ഇപ്രകാരം സംഭവിക്കാനിടയായത് എന്ന സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരമനുസരിച്ച് കെ.എസ്.ആർ.ടി.സി. ഇന്ധനം വാങ്ങിയ വകയിൽ ഓയിൽ കമ്പനികൾക്ക് എന്തു തുക നൽകാനുണ്ടെന്നും പ്രസ്തുത തുക എന്നത്തേക്ക് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വെളിപ്പെടുത്തുമോ ;

(ഡി) 2001 ജനുവരി ഒന്നിനുശേഷം ഇന്ധനക്ഷാമംമൂലവും ജീവനക്കാരുടെ അപര്യാപ്തതകൊണ്ടും എത്ര ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് അറിയിക്കുമോ ;

(ഇ) ഏതൊക്കെ വിഭാഗത്തിലുള്ള ജീവനക്കാരുടെ കുറവാണ് കെ.എസ്.ആർ.ടി.സി യിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) വ്യാപകമായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ട്രഷറി നിയന്ത്രണംമൂലം ഓയിൽ കമ്പനികൾക്ക് കൊടുക്കാനുള്ള തുക യഥാസമയം കൊടുക്കുന്നതിൽ ചില സമയങ്ങളിൽ കാലതാമസം വന്നിട്ടുണ്ട്. ഇതിന്റെ ഫലമായി ഡീസൽ ലഭ്യതയിൽ ഉണ്ടായ കുറവ് കാരണം വരുമാനം കുറഞ്ഞ ചില സർവ്വീസുകൾ തൽക്കാലത്തേയ്ക്ക് നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ട്. ഇത് കാരണം യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്.

(സി) 28-2-2001-ലെ കണക്കനുസരിച്ച് ഇന്ത്യൻ ഓയിൽ കോർപ്പറേഷന് ഇന്ധന വിലയായി 20.83 കോടി രൂപയും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന് 1.02 കോടി രൂപയും കുടിശ്ശിക നൽകാനുണ്ട്. പ്രസ്തുത തുക കെ.എസ്.ആർ.ടി.സി യുടെ സാമ്പത്തിക നില മെച്ചപ്പെടുന്നതനുസരിച്ച് കൊടുത്തു തീർക്കുന്നതാണ്.

(ഡി) ഷെഡ്യൂളുകൾ സ്ഥിരമായി നിർത്തലാക്കിയിട്ടില്ല.

(ഇ) കണ്ടക്ടർ, മിനിസ്റ്റീരിയൽ, മെക്കാനിക്കൽ വിഭാഗത്തിൽ ജീവനക്കാരുടെ നേരിയ കുറവ് ഉണ്ട്.

റീ-സർവെ

10 (*271) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. പി. രാജു :
ശ്രീ. യു. എസ്. ശശി :
ശ്രീ. എം. നാരായണൻ : (ഹോസ്ദുർഗ്ഗ്)
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റീസർവെ എപ്പോൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly